# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ, കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: ശ്രീമതി.കെ.ബി.വത്സലകുമാരി)

**വിഷയം:** **കുടുംബശ്രീ – എൻ.ആർ.എൽ.എം. – റിവോൾവിംഗ് ഫണ്ട് – മാർഗ്ഗ നിർദ്ദേശങ്ങൾ – സംബന്ധിച്ച്.**

പരാമർശം: എൻ.ആർ.എൽ.എം. വാർഷിക ആക്ഷൻ പ്ലാൻ 2012–13

**<u>ഉത്തരവ് നമ്പർ KS/C/1237/2014 തീയതി 15..02..2014</u>**

1. **സം**സ്ഥാനത്തെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന കുടുംബശ്രീയിൽ ഇന്ന് 2.50 ലക്ഷം അയൽക്കൂട്ടങ്ങളിലായി 40 ലക്ഷം കുടുംബങ്ങൾ അംഗങ്ങളായിട്ടുണ്ട്. കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായിട്ടുള്ള പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് അവരുടെ അടിയന്തിര ഉപഭോഗ ആവശ്യങ്ങൾ, കുടുംബാംഗങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ, ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കൽ, തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള കടബാധ്യതകൾ തീർപ്പാക്കൽ തുടങ്ങിയവയ്ക്ക് ആവശ്യമായ പിന്തുണ നൽകുകയെന്നത് കുടുംബശ്രീ മിഷന്റെ ലക്ഷ്യങ്ങളിൽ ഉൾപ്പെട്ടതാണ്. ദേശീയ ഉപജീവന മിഷന്റെ ഭാഗമായി കുടുംബശ്രീക്ക് ലഭ്യമായിട്ടുള്ള റിവോൾവിംഗ് ഫണ്ട് ഒരു പരിധിവരെ അയൽക്കൂട്ട അംഗങ്ങളുടെ ഇത്തരം ആവശ്യങ്ങൾ പരിഹരിക്കുന്നതിനു സഹായകരമാകും. വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾക്കു മാത്രമാണ് ഈ ഫണ്ടിനായുള്ള അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളയെന്നതിനാൽ അയൽക്കൂട്ടങ്ങളുടെ മികച്ച രീതിയിലുള്ള പ്രവർത്തനങ്ങൾക്കും ഇത് സഹായകരമാകും.
2. ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഭാഗമായി ഗ്രാമ സിഡിഎസ്സുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.
3. **റിവോൾവിംഗ് ഫണ്ട് (RF)**

അയൽക്കൂട്ട അംഗങ്ങളുടെ അടിയന്തിര ആവശ്യങ്ങൾക്കായി അംഗങ്ങൾ തന്നെ നിക്ഷേപിക്കുന്ന സമ്പാദ്യത്തിൽ നിന്നും ആന്തരിക വായ്പയിലൂടെ അയൽക്കൂട്ടത്തിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നു. വർഷങ്ങൾ കഴിയും തോറും അയൽക്കൂട്ട അംഗങ്ങളുടെ സമ്പാദ്യം, ആന്തരിക വായ്പയിലൂടെയുള്ള പലിശ എന്നിവ ഉൾപ്പെടെ നല്ലൊരു തുക അയൽക്കൂട്ടത്തിന്റെ മൊത്തം സമ്പാദ്യമായി സ്വരൂപിക്കപ്പെടുന്നു. ഇതു അയൽക്കൂട്ടത്തിലെ എല്ലാ അംഗങ്ങൾക്കും കൂടിയുള്ളതാണ്. ഇത്തരത്തിൽ നല്ലൊരു സമ്പാദ്യം അയൽക്കൂട്ട

അംഗങ്ങൾക്ക് ലഭ്യമാകുവാൻ സഹായിക്കുന്നത് പ്രസ്തുത ആന്തിരക വായ്പ പ്രവർത്തനം മുഖേനയാണ്. ആയതിനാൽ ആന്തിരക വായ്പ പ്രവർത്തനത്തിലൂടെ കൂടുതൽ തുക വായ്പയായി അയൽക്കൂട്ട അംഗങ്ങൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടു കൂടി റിവോൾവിംഗ് ഫണ്ട് എന്ന പിന്തുണാ സംവിധാനം അയൽക്കൂട്ടങ്ങൾക്ക് നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. മാനദണ്ഡങ്ങൾക്കനുസരിച്ച് അർഹതപ്പെട്ട ഒരു അയൽക്കൂട്ടത്തിന് 15,000/- രൂപ റിവോൾവിംഗ് ഫണ്ടായി ലഭ്യമാക്കുന്നതാണ്. ഏറ്റവും പാവപ്പെട്ട അംഗങ്ങൾ ഉൾപ്പെടുന്ന അയൽക്കൂട്ടങ്ങൾക്ക് മുൻഗണന ഉണ്ടായിരിക്കും. റിവോൾവിംഗ് ഫണ്ട് ലഭ്യമാകുന്നതുവഴി അയൽക്കൂട്ടങ്ങളുടെ മൊത്തം സമ്പാദ്യം വർദ്ധിക്കുകയും അങ്ങനെ കൂടുതൽ തുക ആന്തരിക വായ്പയായി അംഗങ്ങൾക്ക് വിതരണം ചെയ്യുന്നതിന് അയൽക്കൂട്ടത്തിന് സാധ്യമാകുകയും ചെയ്യുന്നു.

### 3.1 അയൽക്കൂട്ടത്തിനു റിവോൾവിംഗ് ഫണ്ട് ലഭ്യമാകുന്നതിനുവേണ്ട അർഹതാ മാനദണ്ഡങ്ങൾ:-

a) ഗ്രാമ പ്രദേശ സിഡിഎസ്സുകളിലെ അയൽക്കൂട്ടങ്ങൾക്കു മാത്രമാണ് ഈ ഫണ്ട് ലഭ്യമാക്കുക.

b) അയൽക്കൂട്ടത്തിൽ കുറഞ്ഞത് 75% അംഗങ്ങൾ എങ്കിലും ബിപിഎൽ കുടുംബങ്ങളിൽ നിന്നുള്ളവരായിരിക്കണം,

c) ആരംഭിച്ച് മൂന്നു മാസം കഴിഞ്ഞ അയൽക്കൂട്ടങ്ങൾക്കു ഫണ്ട് ലഭ്യമാകുന്നതിന് അർഹതയുണ്ടായിരിക്കും.

d) അയൽക്കൂട്ടങ്ങൾ താഴെപറയുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കുന്നവയായിരിക്കണം:

   i. കൃത്യമായി എല്ലാ അഴ്ചയിലും യോഗം ചേരുന്ന അയൽക്കൂട്ടമായിരിക്കണം. അയൽക്കൂട്ട യോഗങ്ങളിൽ അംഗങ്ങളുടെ ഹാജർ 90% അല്ലെങ്കിൽ അതിൽ കൂടുതലോ ഉണ്ടായിരിക്കണം

   ii. അംഗങ്ങൾ തങ്ങളുടെ സമ്പാദ്യം കൃത്യമായി എല്ലാ അഴ്ചയിലും അയൽക്കൂട്ട യോഗത്തിൽ നിക്ഷേപിക്കുന്ന അയൽക്കൂട്ടമായിരിക്കണം

   iii. ആരംഭിച്ച് ആറുമാസം കഴിഞ്ഞ അയൽക്കൂട്ടമാണെങ്കിൽ കൃത്യമായി ആന്തരിക വായ്പാ പ്രവർത്തനം നടത്തുകയും വായ്പയുടെ തിരിച്ചടവ് കുറഞ്ഞത് 95% മെങ്കിലും ഉണ്ടായിരിക്കുകയും ചെയ്യണം.

iv. ആന്തരിക വായ്പ ലഭ്യമാകുന്ന അയൽക്കൂട്ടാംഗങ്ങൾ കൃത്യമായി വായ്പ തിരിച്ചടവ് നടത്തുന്ന അയൽക്കൂട്ടമായിരിക്കണം. (തിരിച്ചടവിൽ കുടിശിക ഉണ്ടാകുവാൻ പാടുള്ളതല്ല).

v. കുടുംബശ്രീ മിഷൻ നിഷ്കർഷിച്ചിട്ടുള്ള എല്ലാ രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുകയും കൃത്യമായി എഴുതി സൂക്ഷിക്കുകയും ചെയ്യുന്ന അയൽക്കൂട്ടമായിരിക്കണം.

e) ആരംഭിച്ച് ഒരു വർഷം കഴിഞ്ഞ അയൽക്കൂട്ടങ്ങൾ തൊട്ട് മുൻ സാമ്പത്തിക വർഷത്തെ കാസ് ഓഡിറ്റ് പൂർത്തീകരിച്ചിരിക്കണം.

f) എസ്.ജി.എസ്.വൈ. പ്രകാരം റിവോൾവിംഗ് ഫണ്ട് ലഭ്യമായിട്ടുള്ള അയൽക്കൂട്ടങ്ങൾക്ക് കുടുംബശ്രീ റിവോൾവിംഗ് ഫണ്ടിന് അർഹതയുണ്ടായിരിക്കുന്നതല്ല.

g) അയൽക്കൂട്ടത്തിന് ബാങ്കിൽ എസ്.ബി. അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടായിരിക്കണം.

h) കുടുംബശ്രീ മിഷൻ നൽകുന്ന പരിശീലനങ്ങളിൽ അയൽക്കൂട്ട ഭരണ സമിതി അംഗങ്ങൾ പങ്കെടുത്തിട്ടുണ്ടാകണം.

i) കുടുംബശ്രീ മിഷന്റെ ഡിജിറ്റൈസ്ഡ് എം.ഐ.എസ്സി.ലേയ്ക്ക് എന്റർ ചെയ്യുന്നതിനായി എല്ലാ മാസവും കൃത്യമായി അയൽക്കൂട്ടങ്ങളുടെ വിവരങ്ങൾ സി.ഡി.എസ്സിനു നൽകുന്ന അയൽക്കൂട്ടമായിരിക്കണം.

## 3.2 സി.ഡി.എസ്സ് എ.ഡി.എസ്സ് പിന്തുണ

ഏറ്റവും പാവപ്പെട്ട അംഗങ്ങൾ ഉൾപ്പെടുന്ന അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് ലഭ്യമാകുന്നതിന് മുൻഗണന ഉണ്ടായിരിക്കും. ഇത്തരം അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കിയതിനുശേഷം കുറഞ്ഞത് 6 മാസത്തേക്കെങ്കിലും രേഖകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നതിനും ആന്തരിക വായ്പാ പ്രവർത്തനം കൃത്യമായി നടത്തുന്നതിനും ആവശ്യമായ പിന്തുണ സി.ഡി.എസ്സും എ.ഡി.എസ്സും നൽകേണ്ടതാണ്.

## 3.3 റിവോൾവിംഗ് ഫണ്ട് ഉപയോഗം

മുകളിൽ സൂചിപ്പിച്ച നിബന്ധനകൾ പാലിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ടായി 15,000/- രൂപ ലഭ്യമാകുന്നതിന് അർഹതയുണ്ടായിരിക്കും. പ്രസ്തുത റിവോൾവിംഗ് ഫണ്ട് അയൽക്കൂട്ടങ്ങൾ അംഗങ്ങൾക്കായുള്ള ആന്തരിക വായ്പ പ്രവർത്തനങ്ങൾക്കു മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു. റിവോൾവിംഗ് ഫണ്ട് അയൽക്കൂട്ട അംഗങ്ങൾ

വീതിച്ചു എടുക്കുവാൻ പാടുള്ളതല്ല. അയൽക്കൂട്ടങ്ങളുടെ എസ്.ബി. അക്കൗണ്ടിലേക്ക് ജില്ലാ മിഷനിൽ നിന്നും നേരിട്ടായിരിക്കും റിവോൾവിംഗ് ഫണ്ട് അനുവദിക്കുക.

### 3.4 റിവോൾവിംഗ് ഫണ്ട് ലഭ്യമാകുന്നതിന് അപേക്ഷ സമർപ്പിക്കേണ്ട വിധം

a) അയൽക്കൂട്ടങ്ങൾ റിവോൾവിംഗ് ഫണ്ടിനായി നിശ്ചിത ഫോർമാറ്റിൽ അപേക്ഷ എ.ഡി.എസ്സിനു സമർപ്പിക്കേണ്ടതാണ്.( അനുബന്ധം 1).

b) എഡിഎസ് കമ്മിറ്റി അപേക്ഷകൾ പരിശോധിക്കേണ്ടതും അയൽക്കൂട്ടങ്ങൾ ഫണ്ടിന് അർഹമായ നിബന്ധനകൾ പാലിക്കുന്നവയാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

c) ഇപ്രകാരം ഉറപ്പുവരുത്തിയ അപേക്ഷകൾ എഡിഎസ് കമ്മിറ്റിയുടെ ശുപാർശയോടു കൂടി സി.ഡി.എസ്സിനു സമർപ്പിക്കേണ്ടതാണ്.

d) എല്ലാ മാസവും 15-തീയതിക്കു മുമ്പായി എ.ഡി.എസ്സിൽ ലഭ്യമായ അയൽക്കൂട്ടങ്ങളുടെ അപേക്ഷകൾ എ.ഡി.എസ്സ്. സി.ഡി.എസ്സിന് സമർപ്പിക്കേണ്ടതാണ്.

e) എ.ഡി.എസ്സ്. മുഖേന സിഡിഎസിൽ ലഭ്യമായ അപേക്ഷകൾ സിഡിഎസ് എംഎഫ് സബ് കമ്മിറ്റി പരിശോധിക്കേണ്ടതും ജില്ലാ മിഷനു സമർപ്പിക്കുന്നതിനായി സിഡിഎസ് യോഗത്തിൽ സമർപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്.

f) ഇപ്രകാരം സിഡിഎസ് കമ്മിറ്റി അംഗീകാരം നൽകിയ അപേക്ഷകൾ റിവോൾവിംഗ് ഫണ്ട് വിതരണം ചെയ്യുന്നതിനായി ജില്ലാ മിഷന് സമർപ്പിക്കേണ്ടതാണ്.

g) എല്ലാ മാസവും 15 - 20 തീയതിക്കുള്ളിൽ റിവോൾവിംഗ് ഫണ്ടിനായുള്ള അപേക്ഷകൾക്ക് അംഗീകാരം നൽകുന്നതിനായി സിഡിഎസ് കമ്മിറ്റിയോഗം ചേരേണ്ടതാണ്.

h) സിഡിഎസ് കമ്മിറ്റി ശുപാർശ ചെയ്ത അപേക്ഷകൾ എല്ലാ മാസവും 25-ന് മുമ്പായി സിഡിഎസ് ജില്ലാ മിഷന് സമർപ്പിക്കേണ്ടതാണ്.

i) സിഡിഎസ്സിൽ നിന്നും അപേക്ഷകൾ ലഭിച്ചുകഴിഞ്ഞാൽ ജില്ലാ മിഷൻ 15 ദിവസത്തിനുള്ളിൽ പരിശോധനാ നടപടികൾ പൂർത്തീകരിച്ച് അർഹമായ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കേണ്ടതാണ്.

j) ഇപ്രകാരം റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നത് അയൽക്കൂട്ടങ്ങളുടെ എസ്ബി അക്കൗണ്ടിലേയ്ക്കാരിക്കണം.

k) അർഹമായ അയൽക്കൂട്ടങ്ങളുടെ പേരും അനുവദിച്ച റിവോൾവിംഗ് ഫണ്ട് തുകയും അടങ്ങുന്ന ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട സിഡിഎസ്സുകൾക്ക് അനന്തരനടപടികൾക്കായി നൽകേണ്ടതാണ്.

l) ജില്ലാ മിഷനിൽ നിന്നും ലഭ്യമാകുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ റിവോൾവിംഗ് ഫണ്ട് ലഭ്യമായ അയൽക്കൂട്ടങ്ങളുടെ പേര്, തുക വിവരങ്ങൾ ബന്ധപ്പെട്ട എഡിഎസ്സുകളെ രേഖാമൂലം സിഡിഎസ് അറിയിക്കേണ്ടതാണ്.

m) ഫണ്ട് ലഭ്യമായ അയൽക്കൂട്ടങ്ങൾ പ്രസ്തുത തുക ആന്തരിക വായ്പ പ്രവർത്തനങ്ങൾക്കു മാത്രമാണ് ഉപയോഗിക്കുന്നതെന്ന് ബന്ധപ്പെട്ട എഡിഎസുകൾ ഉറപ്പുവരുത്തേണ്ടതാണ്.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

1) എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2) എല്ലാ ഗ്രാമ സി.ഡി.എസ്സ് ചെയർപേഴ്സൺമാർക്കും (ജില്ലാ മിഷൻ മുഖേന)
3) എല്ലാ ഗ്രാമ സി.ഡി.എസ്സ് മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ മിഷൻ മുഖേന)

**പകർപ്പ്**

1) എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2) എല്ലാ കൺസൾട്ടന്റുമാർക്കും (ജില്ലാ മിഷൻ മുഖേന)
3) കരുതൽ /അധികം

അംഗീകാരത്തോടെ,

പ്രാഗ്രാം ഓഫീസർ(എസ്സ്. ഡി)